preference as far as papers are concerned and that they should not be penalised on account of that. That is why we make regular payments for the publication of these National War Front Activities.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ പ്രതിഫലം കൊടുത്തില്ലെങ്കിൽ റിപ്പോർട്ട പ്രസിദ്ധപ്പെടുത്തുകയില്ലെന്ന വല്ല പത്രാധിപന്മാരും പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെ പറഞ്ഞതായിട്ട അറിവില്ല.

Mr. M. K. Raja *(Mulakunnathukavu)*: Sir, is this publication of the news regarding the National War Front Activities for which payment is made considered as an advertisement?

Mr. B. V. K. Menon *(Secretary to Government)*: Not exactly advertisements. They are reports.

Mr. M. K. Raja *(Mulakunnathukavu)*: When the Government is paying does it no mean that it is an advertisement?

Mr. B. V. K. Menon *(Secretary to Government)*: By alloting larger space for this they should not be penalised by not having sufficient space for advertisements. That is why Government are paying.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഈ പ്രസംഗറിപ്പോർട്ടകം പ്രസംഗിച്ചവരെ കൂടാതെ മുഴുവനും തന്നെ വായിക്കാറില്ലെന്ന ഗവർമ്മെണ്ടിനറിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിഞ്ഞുകൂടാ.

MEDICAL INSTITUTIONS NOT VISITED BY THE CHIEF MEDICAL OFFICER

90. Miss Annie Joseph *(Trichur-Women)*: Will Government be pleased to give.—

A tabular list of all the Medical institutions not visited by the Chief Medical Officer in the years, 1118, 1119 and 1120?

Mr. C. J. Mathew *(Joint Secretary to Government)*: The list is appended. (Appendix.)

മിസ്സ് ആനി. ജോസഫ്: മലയാറ്റൂർ, വരന്തരപ്പിള്ളി എന്നീ രണ്ടു സ്ഥലങ്ങളിലേക്ക് മൂന്നുകൊല്ലത്തോളമായി ചീഫ് മെഡിക്കലാഫീസർ പോകാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇക്കൊല്ലം പോകാമെന്ന സമ്മതിച്ചിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: ഈ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ പോകാത്തതിനു വല്ല പ്രത്യേക കാരണവുമുണ്ടോ എന്നാണ് ചോദിക്കുന്നത്.

മിസ്റ്റർ സി. ജെ. മാത്യു: ആവശ്യം വരാറില്ല. അതുകൊണ്ടു പോകാത്തതാണ്. കൂടാതെ ഫ്ലൂവ്-ലും ഫ്ലൂറൻ-ലും എ. ആർ. പി. വർക്കിനെ സംബന്ധിച്ചുള്ള ജോലികൾ അദ്ദേഹത്തിനു ചെയ്യേണ്ടതുണ്ടായിരുന്നു. മിലിറ്ററി ആശുപത്രിയും ശരിയായിട്ടുള്ള നിലയിൽ വരുത്തുവാൻ പരിശ്രമിക്കേണ്ടിവന്നിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിലേക്ക് മിക്കവാറും പോകാറുള്ളപ്പോൾ ഇവിടങ്ങളിൽ മാത്രം മൂന്നുകൊല്ലംവരെക്കും പോകാതിരിക്കുവാനുണ്ടായ അസൌകര്യമെന്താണ്?

മിസ്റ്റർ സി. ജെ. മാത്യു: യാത്രചെയ്യുവാനുള്ള സൌകര്യം വളരെ കുറവായിരുന്നതുകൊണ്ടാണ്.

മിസ്സ് ആനി ജോസഫ്: മലയാറ്റൂരും വരന്തരപ്പിള്ളിയും ആശുപത്രികളോടുള്ള അവഗണിച്ചിൽ കൊണ്ടായിക്കാമെന്നു കരുതുന്നതിൽ തെറ്റുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: മറ്റേതൊ കാരണംകൊണ്ടായിരിക്കാമെന്നല്ലാതെ അവഗണിച്ചിൽ കൊണ്ടാണ് പോകാത്തതെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല.

SPECIAL TRAINING OF NURSES IN DELHI—PARTICULARS REGARDING

ൺ. മിസ്റ്റർ കെ.എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഡൽഹിയിൽ സ്പെഷ്യൽ ട്രെയിനിംഗിനു പോയിരുന്ന നേഴ്സുമാർ ആരൊക്കെ; ട്രെയിനിംഗ് കഴിഞ്ഞു അവർ മടങ്ങിവന്നോ;

(ബി) വന്നുവെങ്കിൽ ഇപ്പോൾ അവർ എവിടെയാണ് നിയമിക്കപ്പെട്ടിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly